പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2947 **29-10-2026-ൽ മറുപടിയ്ക്ക്**

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കെതിരെയുള്ള അന്വേഷണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജ്യോതികുമാർ ചാമക്കാല ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ന്യൂദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതി സമയബന്ധിതമായി തീർക്കാത്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കെതിരെ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ന്യൂദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയായിരുന്നു "കുന്നത്തൂർ മിനി സിവിൽ സ്റ്റേഷന് പുതിയ കെട്ടിടനിർമ്മാണം." പ്രവൃത്തിയുടെ സമയബന്ധിതമായ നിർവ്വഹണത്തിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച ഉണ്ടായതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടതിനാൽ നിർവ്വഹണച്ചുമതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയിൽ നിന്നും വിശദീകരണം ലഭ്യമാക്കി അത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കരാർ കമ്പനിക്ക് അനുകൂലമായി ഉദ്യോഗസ്ഥർ മനപ്പൂർവം പ്രവൃത്തി വൈകിപ്പിച്ചു എന്ന ആരോപണം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

മറുപടി: കരാർ കമ്പനിക്ക് അനുകൂലമായി ഉദ്യോഗസ്ഥർ മനപ്പൂർവ്വം പ്രവൃത്തി വൈകിപ്പിച്ചതുമായി ബന്ധപ്പെട്ട എല്ലാ ആരോപണങ്ങളും വസ്തുതകളും പരിശോധിക്കുന്നതിനായി കരാർ വ്യവസ്ഥകൾ, പ്രവൃത്തി പുരോഗതി റിപ്പോർട്ടുകൾ, സൈറ്റ് കൈമാറിയതിന്റെ രേഖകൾ, ഡ്രോയിംഗുകളും സാങ്കേതിക നിർദേശങ്ങളും ലഭ്യമാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ, സാങ്കേതിക തടസ്സങ്ങൾ സംബന്ധിച്ച കത്തിടപാടുകൾ, പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച ഉത്തരവുകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ച്, കരാർ കമ്പനിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ പ്രത്യേകം വിലയിരുത്തി വിശദമായ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കാൻ പൊതുമരാമത്തുവകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) രാഷ്ട്രീയ കാരണങ്ങളാൽ നിർമ്മാണം വൈകിപ്പിച്ചെന്ന ആരോപണം പരിശോധിച്ചു കാലതാമസത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്തി, ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>മറുപടി:</u> 18 മാസം പൂർത്തീകരണ കാലാവധി ഉണ്ടായിരുന്ന കുന്നത്തൂർ മിനി സിവിൽ സ്റ്റേഷൻ - പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയ്ക്കായി സൈറ്റ്, 09.03.2024-ൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൈമാറിയിരുന്നു. നിശ്ചിത സമയപരിധിക്കകം നിർമ്മാണം പൂർത്തിയാക്കുന്നതിൽ വീഴ്ചവരുത്തിയ കൊല്ലം ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ശ്രീജ എം.എസ്., കരുനാഗപ്പള്ളി ബിൽഡിംഗ്സ് സബ്-ഡിവിഷൻ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി സുനിത എ., ശാസ്താംകോട്ട ബിൽഡിംഗ്സ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി മഞ്ജു ഫിലിപ്പ് എന്നിവരെ 1960-ലെ KCS & CCA ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തുകൊണ്ട് 12.10.2026-ലെ സ.ഉ. (സാധാ) നം.1191/2026/PWD ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവൃത്തി വൈകിയതിന്റെ യഥാർത്ഥ കാരണങ്ങൾ പരിശോധിച്ച് ജീവനക്കാരുടെ ഉത്തരവാദിത്വം നിജപ്പെടുത്തിയശേഷം ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ